## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3309** **19.10.2016-ൽ മറുപടിയ്ക്ക്**

## മത്സരപരീക്ഷകൾക്ക് കോച്ചിങ്ങ് ക്യാമ്പ്

**ചോദ്യം**
**ശ്രീ.യു. ആർ. പ്രദീപ്**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ എന്നിവ നടത്തുന്ന മത്സര പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്നതിനായി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടുകൂടി കോച്ചിങ്ങ് ക്യാമ്പുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; | എ) | പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് പബ്ലിക് സർവീസ് കമ്മീഷൻ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ എന്നിവ നടത്തുന്ന മത്സര പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോട് കൂടി കോച്ചിംഗ് ക്യാമ്പുകൾ നടത്തുന്നതിന് ഉദ്ദേശമുണ്ട്. |
| ബി) | ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | ബി) | വയനാട് ജില്ലയിൽ അമ്രദ് (അംബേദ്കർ മെമ്മോറിയൽ റൂറൽ ഇൻഡസ്ട്രീസ് ഫോർ ഡെവലപ്മെന്റ്), പാലക്കാട് ജില്ലയിൽ നെഹ്റു യുവ കേന്ദ്രം, എംപ്ലോയ്മെന്റ് വകുപ്പ്, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എന്നിവ മുഖാന്തിരം പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് മത്സര പരീക്ഷകളിൽ ഉന്നത വിജയം |

| | | | |
|---|---|---|---|
| | | | കൈവരിക്കുന്നതിന് പരിശീലനം നൽകി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട്, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1), എസ്.സി.എ ടു ടി.എസ്.പി എന്നീ സ്കീമുകളിൽപ്പെടുത്തി കോച്ചിംഗ് ക്യാമ്പുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ